**ശ്രദ്ധക്ഷണിക്കൽ**

**എ.പി.എൽ/ബി.പി.എൽ ലിസ്റ്റിലെ അപാകതകൾ**

ശ്രീ. കെ. ശിവദാസൻ നായർ: സർ, ബി.പി.എൽ/എ.പി.എൽ ലിസ്റ്റ് കുറ്റമറ്റതായി തയ്യാറാക്കുന്നതിനുവേണ്ടിയുള്ള സംവിധാനങ്ങൾ ഇതിന് മുമ്പ് നടത്തിയിട്ടുണ്ട്. പക്ഷെ ഓരോ പ്രാവാശ്യവും കുറ്റമറ്റ രീതിയിൽ നടപ്പാക്കുമെന്ന് പറഞ്ഞ് ആരംഭിക്കും; അവസാനം ഏറ്റവും കൂടുതൽ പരാതികളുണ്ടാകുന്ന ലിസ്റ്റായി മാറുകയും ചെയ്യും. 2003-ൽ ഗ്രാമവികസന വകുപ്പിലെ ഫീൽഡ് തല ഉദ്യോഗസ്ഥർ വീട് വീടാന്തരം കയറി ലിസ്റ്റ് തയ്യാറാക്കി ആ ലിസ്റ്റ് വാർഡ് തലത്തിൽ കൂടുന്ന ഗ്രാമസഭകളിൽ അംഗീകരിച്ച് തെറ്റുണ്ടെങ്കിൽ തിരുത്തിയശേഷം ഒരു ലിസ്റ്റ് തയ്യാറാക്കണമെന്നാണ് പറഞ്ഞത്. പക്ഷെ ആ ലിസ്റ്റിനെക്കുറിച്ച് വ്യാപകമായി പരാതി ഉണ്ടായി. ഗുരുതരമായ തെറ്റ് ആ ലിസ്റ്റിനകത്തുണ്ടെന്ന് എല്ലാവർക്കും ബോധ്യമാകും. അതിനുശേഷം 2007 ൽ നഗരപ്രദേശങ്ങളിൽ ബി.പി.എൽ. സർവ്വേ നടത്തിയിരുന്നു. ആ സർവ്വേ ഇതുവരെയും പൂർത്തിയായിട്ടില്ല. 2009-ൽ ഇത് പരിഹരിക്കുന്നതിന് വേണ്ടിയുള്ള ഒരു പരിശ്രമമായി അദ്ധ്യാപകരെ ഉപയോഗിച്ച് എന്യൂമറേഷൻ നടത്തി 'എ' ഫാറവും 'ബി' ഫാറവും വിശദമായ ക്വസ്റ്റ്യനെയറും കൊടുത്ത് പരിഹരിക്കുന്നതിന് വേണ്ടിയുള്ള ശ്രമം നടത്തി. ആ ക്വസ്റ്റ്യനെയർ കണ്ടുകഴിഞ്ഞാൽ ഒരു തരത്തിലും ഒരപാകതയും ഉണ്ടാകാനുള്ള സാധ്യതയില്ലെന്നു നമുക്ക് ബോധ്യമാകും. പക്ഷെ വ്യാപകമായ പരാതി ആ ലിസ്റ്റിനെ സംബന്ധിച്ച് ഉണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജില്ലകളിൽ പോയി പരാതി കേൾക്കുന്ന പരിപാടി വന്നുകഴിഞ്ഞപ്പോൾ ഏറ്റവും കൂടുതൽ പരാതി കിട്ടിയത് എ.പി.എൽ/ബി.പി.എൽ ലിസ്റ്റിനെ സംബന്ധിച്ചുള്ള പരാതികളാണ്. ആ

പരാതികളിൽ ഒരു നടപടിയുമെടുക്കാൻ ഗവൺമെന്റിന് ഇതുവരെ കഴിഞ്ഞിട്ടില്ല. ക്യാൻസർ ബാധിച്ച ഒരാൾ എ.പി.എൽ. വിഭാഗത്തിൽപ്പെടുന്ന യാളാണെങ്കിൽ ഒരാനുകൂല്യവും ലഭിക്കുന്നില്ല, ചികിത്സാ ധനസഹായം കിട്ടു ന്നില്ല. വിദ്യാഭ്യാസ വായ്പയുടെ ആനുകൂല്യങ്ങൾ, ഇപ്പോൾ ഗവൺമെന്റ് പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ പോലും ഈ അപാകതകൾ പരിഹരിക്കാത്തതു കൊണ്ട് ലഭിക്കാത്ത ഗുരുതരമായ സ്ഥിതിവിശേഷം നമ്മുടെ സംസ്ഥാനത്തു ണ്ടായിരിക്കുന്നു. ആരും ഈ പ്രശ്നങ്ങൾ കേൾക്കാൻ തയ്യാറല്ല. ഒരു തര ത്തിലും ഇത് പരിഹരിക്കുന്നില്ല. ആനുകൂല്യങ്ങൾ ലഭിക്കേണ്ട അർഹരായ ആളുകൾക്ക് ആനുകൂല്യം ലഭിക്കുന്നില്ല. അനർഹരായ ആളുകൾ ആനുകൂല്യം അനുഭവിക്കുന്നു എന്നതാണ് ഏറ്റവും വലിയ പരാതിയായി ചൂണ്ടിക്കാണിക്കാൻ കഴിയുന്നത്. തെറ്റ് വരുത്തിയതാരാണെന്ന് ഐഡന്റിഫൈ ചെയ്യാൻ കഴിയുന്നില്ല. ആർക്കെതിരെയും നടപടിയെടുക്കാൻ കഴിയുന്നില്ല. ആരെയും പിൻ പോയിന്റ് ചെയ്ത്, ഒരുദ്യോഗസ്ഥനാണ് തെറ്റ് ചെയ്തത് എന്നു പറയാൻ കഴിയുന്നില്ല. അതുകൊണ്ട് ജില്ലാ കളക്ടറെ തന്നെ ഇക്കാര്യം ചുമതലപ്പെടുത്തി തെറ്റുകൾ പരിഹരിച്ച് എ.പി.എൽ/ബി.പി.എൽ ലിസ്റ്റ് പരിഷ്ക്കരിക്കുന്നതിനുള്ള അടിയന്തിരനടപടി കൈക്കൊള്ളണമെ ന്നാണ് എനിക്ക് ഗവൺമെന്റിനോട് ആവശ്യപ്പെടാനുള്ളത്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (<u>ശ്രീ. കെ. സി. ജോസഫ്</u>): സർ, ബഹുമാന്യനായ ശ്രീ. ശിവദാ സൻ നായർ ഉന്നയിച്ച വിഷയം വളരെ ഗൗരവമുള്ളതാണ്. ബി.പി.എൽ. ലിസ്റ്റ് സംബന്ധിച്ച പരാതികൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയാത്ത ഒരു സാഹചര്യം ഇന്ന് സംസ്ഥാനത്തുണ്ട്. 2009-ൽ നടത്തിയ പ്രാരംഭ സർവ്വേ

മുതൽ ഇന്നുവരെ പരാതികളുടെ വലിയൊരു പ്രവാഹമാണ് ഇക്കാര്യത്തിൽ ഉണ്ടായിരിക്കുന്നത്. 2009-ൽ കേരളത്തിലെ എല്ലാ ജില്ലകളിലും കൂടി 10,14,691 പരാതികൾ ലഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ജന സമ്പർക്ക പരിപാടിയിലും ലഭിച്ച വലിയൊരു പരാതി ബി.പി.എൽ. സംബ ന്ധിച്ച പരാതിയായിരുന്നു. ഓരോ ജില്ലയിലും ഏതാണ്ട് 32,000 മുതൽ 1,00000 വരെ പരാതികളാണ് ലഭിച്ചത്. ഇപ്പോഴും പരാതികൾ ലഭിച്ചുകൊണ്ടി രിക്കുന്നു. ഇതുവരെ ലഭിച്ച പരാതികളിൽ 40 ശതമാനത്തിലും വാർഡ് നമ്പരോ വീട്ടു നമ്പരോ ചേർത്തിട്ടില്ല. വീട്ടുപേര് കൊടുത്തിട്ടുണ്ട്. 2009-ലെ ബി.പി.എൽ. സർവ്വേയിൽ എ, ബി ഫോറങ്ങളിൽ ചേർത്തിരുന്ന പ്രകാരമുള്ള വീട്ടുനമ്പരും വാർഡ് നമ്പരുമല്ല ഇപ്പോൾ നൽകിയിരിക്കുന്ന പരാതിയിൽ ചേർത്തിരിക്കുന്നത്. പിന്നീട് പഞ്ചായത്ത് തെരഞ്ഞെടുപ്പ് ഉണ്ടായപ്പോൾ എല്ലാ വാർഡുകളും പുനഃസംഘടിപ്പിച്ചു. വാർഡുകളുടെ നമ്പരും ഹൗസ് നമ്പരും മാറുകയും വീണ്ടും കോംപ്ലിക്കേഷനാകയും ചെയ്തു. ഇത് സംബ ന്ധിച്ച് ലഭിച്ച പരാതികൾ പരിശോധിക്കാൻ കഴിയാത്ത നിലയിലാണ്. കാരണം 40 ശതമാനം പരാതിയിൽ വീട്ട് നമ്പരും വാർഡ് നമ്പരുമില്ല. നമ്പ രുകളുള്ള പരാതിയിലെ നമ്പരുകൾ തന്നെ മാറിക്കഴിഞ്ഞിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് ശ്രീ. ശിവദാസൻ നായർ ചൂണ്ടിക്കാണിച്ചതുപോലെ, 2010 -ൽ പോപ്പുലേഷൻ എന്യൂമറേഷന് വേണ്ടി രൂപപ്പെടുത്തപ്പെട്ട ബ്ലോക്കു കളുടെ അടിസ്ഥാനത്തിൽ സോഷ്യൽ ഇക്കണോമിക് കാസ്റ്റ് സെൻസസ് ആരംഭിച്ചു. അത് ഏതാണ്ട് പൂർത്തിയായി വരികയാണ്. എസ്. ഇ. സി. സി. എന്യൂമറേഷൻ വീട് വീടാന്തരം സമഗ്രമായി നടന്ന സെൻസസാണ്. ആയതി

നാൽ ഇപ്പോൾ പരാതി സമർപ്പിച്ചിട്ടുള്ള എല്ലാപേർക്കും തങ്ങളുടെ സാമൂഹിക സാമ്പത്തികസ്ഥിതി വെളിപ്പെടുത്തുവാൻ അവസരം നൽകിയിട്ടുണ്ട്. എസ്. ഇ. സി. സി. എന്യൂമറേഷൻ പൂർണ്ണമായും ഇലക്ട്രോണിക് സംവിധാനത്തിൽ നടത്തപ്പെടുന്നതാണ്. എന്നാൽ ബി.പി.എൽ - 2009 - ന്റെ പരാതികൾ എ, ബി ഫോറങ്ങളിൽ എഴുതി ശേഖരിച്ചതിനുശേഷം മാത്രമേ കമ്പ്യൂട്ടറിൽ ഡാറ്റാ എൻട്രി ഫീഡ് ചെയ്യാൻ സാധിക്കൂ. എസ്. ഇ. സി. സി. എന്യൂമറേഷനിൽ ശേഖരിക്കുന്ന വിവരങ്ങൾ അനുദിനം എൻ. ഐ. സി. സെർവറിലേയ്ക്ക് അപ്‌ലോഡ് ചെയ്യപ്പെടുകയും അവസാന ഇ ബി- യിലെ വിവരങ്ങൾ അപ്‌ലോഡ് ചെയ്യപ്പെട്ടു കഴിയുന്നതോടെ ബി.പി.എൽ. കരട് ലിസ്റ്റ് ലഭ്യമാകുകയും ചെയ്യുന്നതാണ്. സംസ്ഥാനത്ത് നടന്ന എസ്. ഇ. സി. സി എന്യൂമറേഷനും സൂപ്പർവിഷനും പൂർത്തിയായിക്കഴിഞ്ഞു. 90 ശതമാനം ഇ ബികളുടേയും വിവരങ്ങൾ എൻ. ഐ. സി. സെർവറിലേയ്ക്ക് അപ്‌ലോഡ് ചെയ്യപ്പെട്ടിട്ടുണ്ട്. അപ്‌ലോഡ് ചെയ്യപ്പെട്ട ഡാറ്റ പരിശോധിച്ചതിൽ കണ്ടെത്തിയ ഏതാനും ന്യൂനതകൾ പരിഹരിച്ചുകൊണ്ടിരിക്കുകയാണ്. ഈ വിവരങ്ങൾ കൂടി സെർവറിലേയ്ക്ക് ഫീഡ് ചെയ്തതിനുശേഷം 2013 മാർച്ച് 31-നകം കരട് ലിസ്റ്റ് പബ്ലിഷ് ചെയ്യും. ആ കരട് ലിസ്റ്റിലെ ആക്ഷേപം കേട്ടശേഷം ഇക്കാര്യത്തിൽ ഫൈനൽ തീരുമാനമെടുക്കും.

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: സർ, അങ്ങ് പറഞ്ഞതൊക്കെ ശരിയാണ്. ഓരോ പ്രാവശ്യവും ഇതുപോലെ തന്നെ ധാരാളം മുൻകരുതലുകൾ എടുത്തിട്ടാണ് ഇക്കാര്യങ്ങൾ ചെയ്യുന്നത്. അങ്ങ് മാർച്ച് 31 എന്ന് പറഞ്ഞു, മാർച്ച് 31 -ന് ഒന്നും ഇത് തീരാൻ പോകുന്നില്ല. അനന്തമായി നീളുന്ന രീതിയി

ലാണ് കാര്യങ്ങൾ പോകുന്നത്. വിദ്യാഭ്യാസ വായ്പയ്ക്ക് ഗവൺമെന്റ് പ്രഖ്യാപിച്ച ആനുകൂല്യങ്ങൾക്ക് അർഹരായ ആളുകളുണ്ട്. എ.പി. എൽ./ബി.പി.എൽ തരം തിരിവ് പറഞ്ഞ് അർഹരായ ആളുകൾക്കും ആനുകൂല്യം ലഭിക്കാത്ത ഗുരുതരമായ സ്ഥിതിവിശേഷം എല്ലാ ജില്ലകളിലുമുണ്ട്. കളക്ടറേറ്റുകളിൽ പരാതി സ്വീകരിച്ചെങ്കിലും അതിന് പരിഹാരം കാണാൻ കഴിയുന്നില്ല. അതുകൊണ്ട് അക്കാര്യങ്ങളെങ്കിലും തീരുമാനമെടുക്കാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുമോ എന്നുള്ളതാണ് എനിക്ക് അങ്ങയോടും മുഖ്യമന്ത്രിയോടും ചോദിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ എ. പി.എൽ.-ബി.പി.എൽ എന്നത് നമ്മുടെ സംസ്ഥാനത്ത് ഏറ്റവും മുഖ്യമായ പ്രശ്നമാണ്. കേന്ദ്ര ഗവൺമെന്റ് ബി.പി.എൽ. കാർഡുകളുടെ എണ്ണം നിജപ്പെടുത്തി വച്ചിരിക്കുകയാണ്. അതിൽ കൂടുതൽ അവർ അംഗീകരിക്കുകയില്ല. യഥാർത്ഥത്തിൽ ഇവിടെ അതിൽ കൂടുതൽ പേർ അർഹരായിട്ടുള്ളവരുണ്ട്. കൂടാതെ, പുതുതായി കാർഡിന് അപേക്ഷിക്കുന്നവർ എത്ര അർഹതപ്പെട്ടവരാണെങ്കിലും അവർക്ക് ബി.പി.എൽ. കാർഡ് കൊടുക്കുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ടുണ്ട്. ഇത് ഗവൺമെന്റ് മനസ്സിലാക്കുന്നുണ്ട്. ഇതിന് ഒരു പരിഹാരം കണ്ടെത്തിയേ മതിയാകൂ. അതുകൊണ്ട് ഏറ്റവും വേഗത്തിൽ ഇതിന് ഒരു പരിഹാരമുണ്ടാക്കും. കേന്ദ്രത്തിൽ നിന്ന് ബി.പി.എൽ. അരി കിട്ടുന്നത് അവർ കണക്കാക്കിയിരിക്കുന്ന എണ്ണമനുസരിച്ചേ ഉള്ളുവെങ്കിൽപ്പോലും ഇവിടെ അർഹിക്കുന്ന ബി.പി.എൽ.-കാരെക്കൂടി ആ ലിസ്റ്റിൽപ്പെടുത്തി അവർക്കു കൂടി അരി ആ വിലയ്ക്ക് ലഭ്യമാക്കും. അതിനേക്കാളുപരി വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കും ആരോഗ്യ സംരക്ഷണത്തിനും ബി.പി.എൽ. കാർഡ് ഏറ്റവും അനിവാര്യമാണ്. അതുകൊണ്ട് ഒരു പ്രത്യേക

കാര്യമായിത്തന്നെ കണക്കിലെടുത്ത് ഇതിന് ഒരു തീരുമാനമുണ്ടാക്കും. സമയബന്ധിതമായി ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കും.

**കർഷകത്തൊഴിലാളികൾ അഭിമുഖീകരിക്കുന്ന ബുദ്ധിമുട്ടുകൾ**

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, കേരളത്തിലെ ലക്ഷക്കണക്കിന് കർഷകത്തൊഴിലാളികളുടെ പെൻഷനും ക്ഷേമപദ്ധതി ആനുകൂല്യങ്ങളും വർദ്ധിപ്പിക്കാതിരിക്കുന്നതും കുടിശ്ശിക വരുത്തിയിരിക്കുന്നതും മൂലം അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിലേയ്ക്കാണ് ഞാൻ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. കേരളത്തിലെ ദശലക്ഷക്കണക്കായിട്ടുള്ള കർഷകത്തൊഴിലാളികൾ നടത്തിയ ഐതിഹാസികമായ സമരപോരാട്ടങ്ങളുടെ ഫലമായിട്ടാണ് ക്ഷേമനിധി ബോർഡും പെൻഷനുമെല്ലാം ഇവിടെ നടപ്പിലാക്കിയത്. 1990-ലാണ് കർഷകത്തൊഴിലാളികളുടെ ക്ഷേമനിധി ബോർഡ് നിലവിൽ വന്നത്. കർഷകത്തൊഴിലാളികളുടെ ക്ഷേമ ആനുകൂല്യങ്ങൾ നടപ്പിലാക്കി, അവരുടെ സാമൂഹികക്ഷേമം ഉറപ്പുവരുത്തുക എന്നതാണ് ബോർഡിന്റെ ലക്ഷ്യം. 2012 ജനുവരി വരെ കേരളത്തിലാകെ 21,56,651 തൊഴിലാളികൾ ബോർഡിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 4,48,971 പേർ പിരിഞ്ഞുപോയി. ബാക്കി 17,37,644 പേരാണ് അംഗങ്ങളായിട്ടുള്ളത്. തൊഴിലാളികളിൽ നിന്നും മാസംതോറും പിരിച്ചെടുക്കുന്ന 5 രൂപയും തത്തുല്യമായി ഗവൺമെന്റ് നൽകുന്ന 5 രൂപയുമാണ് ബോർഡിന്റെ പ്രധാന വരുമാനമാർഗ്ഗം. അങ്ങനെ വർഷത്തിൽ 120 രൂപയാണ് ഇതിന്റെ വരുമാനമാർഗ്ഗം. അതുപോലെ 40 ആർ-ൽ കൂടുതൽ വിസ്തൃതിയുള്ള

കൃഷിക്കാരിൽ നിന്നും 25 പൈസ തോതിൽ പിരിച്ചാണ് ഇതിന്റെ വരുമാനമാർഗ്ഗം കണ്ടെത്തുന്നത്. അങ്ങനെ 625 രൂപയാണ് ഒരു തൊഴിലാളിക്ക് ലഭിക്കുക. 60 വയസ്സ് കഴിഞ്ഞ് പിരിഞ്ഞുപോകുന്ന ആളുകൾക്ക് മാക്സിമം 25000 രൂപയാണ് കിട്ടുന്നത്. കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ വിരമിച്ച ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് ഈ ആനുകൂല്യങ്ങൾ ഇനിയും കൊടുത്തിട്ടില്ല. വിരമിക്കൽ ആനുകൂല്യം ഉൾപ്പെടെ വിവിധ ആനുകൂല്യങ്ങളുടെ വിതരണം നിലച്ചു. ഇപ്പോൾ 98 കോടി രൂപയുടെ വിരമിക്കൽ ആനുകൂല്യങ്ങൾ മാത്രം കൊടുക്കാനുണ്ട്. മരിച്ച ക്ഷേമനിധി അംഗങ്ങൾക്ക് 3 കോടി 70 ലക്ഷം രൂപയുടെയും 59000 പേർക്ക് വിവാഹസഹായമായി 12 കോടി രൂപയുടെയും കുടിശ്ശികയുണ്ട്. മാത്രമല്ല ചികിത്സാസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസ സഹായം, മരണാനന്തര സഹായം ഇതെല്ലാം ബാക്കി നിൽക്കുന്നു. ഇത് കൊടുത്തുതീർക്കാനായി 100 കോടി രൂപയെങ്കിലും ഗവൺമെന്റ് അടിയന്തര സഹായധനം അനുവദിക്കണം. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ധനകാര്യ മന്ത്രി ഡോ. ടി. എം. തോമസ് ഐസക് 114.9 കോടി രൂപ അനുവദിച്ചിരുന്നെങ്കിലും അത് കൊടുത്ത് തീർന്ന മുറയ്ക്ക് ഇപ്പോൾ നിലച്ചിരിക്കുകയാണ്. ഈ ഗവൺമെന്റ് ഒരു നയാപൈസ പോലും പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് അനുവദിച്ചിട്ടില്ല. ഈ സർക്കാർ വന്നതിനു ശേഷമാണ് ഇത്തരം ദു:സ്ഥിതിയുണ്ടായത്. ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല എന്ന് മാത്രമല്ല യോഗം കൂടുന്നുമില്ല. ചോദിച്ചാൽ, കൃത്യമായ കണക്കു പോലും അവിടെ നിന്നു കിട്ടുന്നില്ല. ഇത്തരത്തിലുള്ള ഒരു കുത്തഴിഞ്ഞ രീതിയാണ് ക്ഷേമനിധി

ബോർഡിനെ സംബന്ധിച്ചിടത്തോളം നിലനിൽക്കുന്നത്. ക്ഷേമനിധി ബോർഡ് ആനുകൂല്യങ്ങൾ കാലാനുസൃതമായി വർദ്ധിപ്പിക്കുകയും അടിയന്തരമായി കൊടുത്തു തീർക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്. പെൻഷന്റെ കാര്യവും വ്യത്യസ്തമല്ല. 1980-ൽ നായനാർ സർക്കാരാണ് പെൻഷൻ അനുവദിച്ചത്. 45 രൂപയിൽ തുടങ്ങിയ പെൻഷൻ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 400 രൂപയായി വർദ്ധിപ്പിച്ചു. അതും ഇപ്പോൾ ഏകദേശം മൂന്നു നാലുമാസമായി കുടിശ്ശികയാണ്. പെൻഷന്റെ വരുമാനപരിധി വർദ്ധിപ്പിക്കണം. ഇന്ന് ഏകദേശം പതിനെട്ടായിരം രൂപയാണ് വരുമാനപരിധി. മറ്റൊരു പെൻഷനും വരുമാനപരിധിയില്ല. ഈ പാവപ്പെട്ട തൊഴിലാളികളുടെ പെൻഷനു മാത്രമാണ് വരുമാനപരിധി നിശ്ചയിച്ചിരിക്കുന്നത്. അതുകൊണ്ട് വരുമാനപരിധി എടുത്തുകളയണം. വീണ്ടും അധികാരത്തിൽ വരികയാണെങ്കിൽ ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന 400 രൂപ 1000 രൂപയാക്കി വർദ്ധിപ്പിക്കുമെന്ന് എൽ.ഡി.എഫ്. പറഞ്ഞതാണ്. എല്ലാറ്റിനും വില വർദ്ധിച്ച ഇന്നത്തെ സാഹചര്യത്തിൽ 1000 രൂപയെങ്കിലുമായി ഈ പെൻഷൻ വർദ്ധിപ്പിക്കണമെന്നാണ് ആവശ്യപ്പെടുന്നത്. പെൻഷനും മറ്റു ആനുകൂല്യങ്ങളുമെല്ലാം ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നത് പോസ്റ്റ് ഓഫീസ് മുഖാന്തിരമാണ്. ഇനി ബാങ്കിൽ പോയി വാങ്ങിക്കൊള്ളണമെന്നാണ് ഇപ്പോൾ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. അതിന് ആധാർ കാർഡ് വേണം. അങ്ങനെ എന്തെല്ലാം നൂലാമാലകളുണ്ട്. ഈ പാവപ്പെട്ട കർഷകത്തൊഴിലാളികളെ ഇങ്ങനെ വിഷമിപ്പിക്കേണ്ട ആവശ്യമുണ്ടോ? ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന സംവിധാനം നല്ലതാണ്. ഈ ആനുകൂല്യങ്ങൾ പോസ്റ്റ്

ഓഫീസ് മുഖാന്തിരം തന്നെ നൽകാനാവശ്യമായ നടപടികൾ സ്വീകരിക്കണം. പുതിയ സംവിധാനത്തിലാണെങ്കിൽ തൊഴിലാളികൾ സീറോ ബാലൻസ് അക്കൗണ്ട് തുറക്കണം; അക്കൗണ്ടിന് 50 രൂപ കൊടുക്കണം; ആധാർ കാർഡ് വേണം. ഭൂരിപക്ഷം കർഷകത്തൊഴിലാളികളും എ.പി.എൽ. ലിസ്റ്റിലാണ്. രണ്ടു രൂപയ്ക്കാണ് അവർക്കിപ്പോൾ അരി കിട്ടുന്നത്. ഇപ്പോൾ അത് നിർത്താൻ പോകുകയാണ്. ഇനി ഒരു കിലോ അരിക്ക് 8 രൂപ 90 പൈസ കൊടുക്കണം. കർഷകത്തൊഴിലാളിക്ക് ഈ സബ്സിഡി അരി അനുവദിക്കുന്നത് അവർക്ക് രൊക്കമായി പൈസ കൊടുത്ത് അരി വാങ്ങിക്കാനുള്ള കഴിവില്ല എന്നതിന്റെ അടിസ്ഥാനത്തിലല്ലേ? രണ്ടു രൂപയുടെ അരി, ഇനിമുതൽ 8 രൂപ 90 പൈസ കൊടുത്തു വാങ്ങിക്കണമെന്നും പിന്നീട് ബാങ്കിൽ പോയി ആ സബ്സിഡി വാങ്ങണം എന്ന് പറയുന്നത് വിരോധാഭാസമാണ്. ഇത് എന്ത് ന്യായമാണ്? ഇത് തികച്ചും അനീതിയാണ്. അതുകൊണ്ട് ഇവരെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്താനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ക്ഷേമനിധിയും പെൻഷനുമെല്ലാം വർദ്ധിപ്പിച്ച് കുടിശ്ശിക സഹിതം അടിയന്തിരമായി നൽകാനാവശ്യമായ നടപടികൾ സ്വീകരിക്കണം. പാവങ്ങളോട് വളരെയേറെ കരുണ കാണിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഇതിനാവശ്യമായ മുൻകൈ എടുക്കണം എന്നു കൂടി ഈ അവസരത്തിൽ അപേക്ഷിക്കുകയാണ്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചത് വളരെ ഗൗരവമേറിയ വിഷയമാണ്. അദ്ദേഹം ഇവിടെ കണക്കുകൾ ഉദ്ധരിച്ചു. അതിനോ

ടൊപ്പം ബോർഡിൽ നിന്ന് കണക്കുകൾ കിട്ടുന്നില്ലായെന്നും പരാമർശിച്ചു. കൃത്യമായ കണക്കുകളാണ് അദ്ദേഹം ഉദ്ധരിച്ചത്. അതിനാൽത്തന്നെ ബോർഡിൽ നിന്ന് കണക്കുകൾ കിട്ടുന്നില്ലായെന്ന് പറഞ്ഞത് തെറ്റാണ്. വളരെ കൃത്യമായ കണക്കുകൾ അദ്ദേഹത്തിന്റെ കയ്യിലുണ്ട്. അദ്ദേഹം പറഞ്ഞ കാര്യങ്ങളോട് ഭാഗികമായി യോജിക്കുമ്പോഴും, മൂന്ന് നാല് മാസത്തോളം പെൻഷൻ വൈകിയെന്ന് പറഞ്ഞത് അടിസ്ഥാനരഹിതമാണ്. കാരണം ഡിസംബർ 31 വരെയുള്ള എല്ലാ പെൻഷനും ഡിസംബർ മാസ ത്തിൽത്തന്നെ നൽകുകയുണ്ടായി. ഇനി അടുത്ത ക്വാർട്ടറിലേതു മാത്രമേ അവശേഷിക്കുന്നുള്ളൂ. ഇതിൽ മറ്റ് ആനുകൂല്യങ്ങൾ കൊടുക്കാൻ വൈകി യെന്നുള്ളത് വസ്തുതയാണ്. 2009-ൽ ഡോ. ടി. എം. തോമസ് ഐസക് മുൻകൈയെടുത്ത് 2001-മുതൽ 2009 വരെയുള്ള 9 വർഷത്തെ കുടി ശ്ശികയായ 114.9 കോടി രൂപ ഒരുമിച്ച് കൊടുത്ത് തീർത്തു. 2009-ന് ശേഷം മറ്റാനുകൂല്യങ്ങൾ കൊടുക്കാനായി 121.47 കോടി രൂപ ആവശ്യമായി വന്നു. പെൻഷൻ കൊടുക്കുവാൻ വേണ്ടി മാത്രം കഴിഞ്ഞ വർഷം 273 കോടി രൂപ യാണ് ഗവൺമെന്റ് ചെലവാക്കിയത്. ബോർഡിന്റെ സ്ഥിതി അതാണ്. ഇനിയും ആനുകൂല്യങ്ങൾ കുടിശ്ശികയുണ്ട്. 2001 മുതൽ 2009 വരെയുള്ള ഒൻപത് കൊല്ലത്തെ തുക ഒരുമിച്ച് എൽ.ഡി.എഫ് ഗവൺമെന്റ് കൊടുത്തു വെന്നത് യാഥാർത്ഥ്യമാണ്. അതിനുശേഷമുള്ള കുടിശ്ശിക കൊടുക്കാനുണ്ട്. ഇവിടെ ഗൗരവമേറിയ ഒരു വിഷയമുണ്ട്. നമ്മുടെ നാട്ടിൽ കൃഷിതന്നെ കുറ ഞ്ഞുകൊണ്ടിരിക്കുന്നു. കൃഷി ചെയ്യാൻ തൊഴിലാളികളെ കിട്ടുന്നില്ല എന്ന വസ്തുത നിലനിൽക്കുമ്പോൾത്തന്നെ ക്ഷേമനിധി ബോർഡിലെ അംഗത്വ ത്തിന്റെ എണ്ണം ഗണ്യമായി വർദ്ധിച്ചുകൊണ്ടിരിക്കുകയുമാണ്. ഈ

ഗവൺമെന്റ് അധികാരത്തിൽ വന്ന് ഇരുപത് മാസം കൊണ്ടുതന്നെ ഏകദേശം 1,70,000 പുതിയ കർഷകത്തൊഴിലാളികളാണ് ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി ചേർന്നത്. ഇതിൽ പലതും വ്യാജമാണെന്ന് ന്യായമായും സംശയിക്കേണ്ടിയിരിക്കുന്നു. അങ്ങനെ അനർഹരായവർ ക്ഷേമനിധിയിൽ അംഗങ്ങളായി കടന്നുവരുമ്പോൾ സാമ്പത്തികമായ പരാധീനത ഉണ്ടാകുന്നു. അവസാനമായി തൊഴിലാളി വിഹിതം വർദ്ധിപ്പിച്ചത് 2003-ലാണ്, അഞ്ച് രൂപയായിട്ടാണ് വർദ്ധിപ്പിച്ചത്. എന്റെ കയ്യിൽ അതിന്റെ കണക്കുകളുണ്ട്.

ഡോ. ടി. എം. തോമസ് ഐസക്: കേരളത്തിലെ തൊഴിലാളികളുടെ സ്വഭാവത്തിൽ അടിസ്ഥാനപരമായ മാറ്റം വന്നുകൊണ്ടിരിക്കുകയാണ്. ഇന്ന് എല്ലാവരും മൾട്ടിപ്പിൾ ജോബുകളിലാണ് ഏർപ്പെട്ടിരിക്കുന്നത്. കയർ, കശുവണ്ടി, ഓട്, കാർഷികമേഖല തുടങ്ങിയ മേഖലകളിലെല്ലാം മാറിമാറി പണിയെടുക്കും. അങ്ങനെ വരുന്ന സമയത്ത് ഏറ്റവും ആനുകൂല്യമുള്ള മേഖലയിലെ ക്ഷേമനിധിയിൽ അവർ ചേരുന്നത് കള്ളത്തരമായി കണക്കാക്കരുത്.

ശ്രീ. ഷിബു ബേബി ജോൺ: ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞ കാര്യത്തിൽ ഞാനൊരു തർക്കത്തിനില്ല. നമ്മൾ വസ്തുത വസ്തുതയായി കാണണം. കർഷകത്തൊഴിലാളികൾ, കയർത്തൊഴിലാളികൾ എന്നിങ്ങനെയുള്ള പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ എണ്ണം ഗണ്യമായി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. പുത്തൻ തലമുറയിലുള്ള ആരും ആ മേഖലയിലേക്ക് കടന്നുവരാത്ത പശ്ചാത്തലത്തിൽ, 2007-2008-ൽ 50,000 പേരും, 2008-2009-ൽ 41,000 പേരും, 2010-2011-ൽ 88,000 പേരും 2011-12-ൽ 1,27,000 പേരുമാണ് പുതിയതായി ക്ഷേമനിധിയിൽ ചേർന്നിരിക്കുന്നത്. അതൊരു അസ്വാഭാവികതയായിട്ടുതന്നെ നമുക്ക് കാണാൻ സാധിക്കുന്നുണ്ട്.

ഞാനൊരു വാദപ്രതിവാദത്തിനില്ല, ബോർഡ് ശക്തമാക്കണമെന്നു തന്നെ യാണ് എന്റെ അഭിപ്രായം. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് 2009-ൽ തൊഴിലുടമ വിഹിതം വർദ്ധിപ്പിക്കുകയുണ്ടായി. അതിന്റെ വൈരുദ്ധ്യമെന്ന് പറയുന്നത്, കണക്കുകൾ നോക്കിയാൽ മനസ്സിലാക്കാം, വിഹിതം വർദ്ധിപ്പി ച്ചതിനുശേഷവും കളക്ഷൻ കുറഞ്ഞിരിക്കുകയാണ്. 2007-2008-ൽ 2,03,00,000 ലക്ഷം രൂപ കിട്ടിയ സ്ഥാനത്ത് 2009-2010-ൽ ക്ഷേമ നിധി വർദ്ധി പ്പിച്ചതിനുശേഷം 1,56,00,000 കുറഞ്ഞു. 2010-2011-ൽ 1,68,00,000 രൂപയും 2011-12-ൽ 1,79,00,000 രൂപയുമായിരുന്നു ലഭിച്ചത്. തൊഴിലുടമ വിഹിതം കൂട്ടുകയും അര ഏക്കറിന് താഴെയുള്ളത് ഒഴിവാക്കുകയും ചെയ്തു. 40 ആർ-ന് മുകളിലേയ്ക്ക് 1 ആർ-ന് 25 പൈസ നിരക്കിലാണ് 2009-ൽ പരി ഷ്കരിച്ചത്. ഒരു പക്ഷേ 40 ആർ-ന് താഴോട്ടുള്ളത് ഒഴിവാക്കിയതുകൊണ്ടായി രിക്കാം കളക്ഷനിൽ കുറവ് വന്നത്. അതുസംബന്ധിച്ച് ശാസ്ത്രീയമായി പഠി ക്കേണ്ടിയിരിക്കുന്നു. ബോർഡിന് ലഭിക്കുന്ന കളക്ഷൻ ഗണ്യമായി കുറഞ്ഞി ട്ടുണ്ട്. അതിന് മറ്റ് പല കാരണങ്ങളുമുണ്ട്. ബോർഡിന്റെ പ്രവർത്തനം തുട ങ്ങിയ കാലം മുതൽ വില്ലേജ് ഓഫീസുകൾ വഴി കൃത്യമായി ഇത് സംഭരി ക്കുവാൻ നമുക്ക് സാധിച്ചിട്ടില്ല. ഇതിനൊരു പരിഹാരം മാത്രമേയുള്ളൂ- ഈ ക്ഷേമനിധി ബോർഡ് സ്വയംപര്യാപ്തമാകണം. സ്വയംപര്യാപ്തമാകണമെ ങ്കിൽ ബാക്കിയെല്ലാ ക്ഷേമനിധി ബോർഡിലുമുള്ളതുപോലെ തൊഴിലാളിക ളുടെ വിഹിതം കൃത്യമായി പിരിക്കണം. ഇപ്പോഴുള്ള അഞ്ച് രൂപ പോലും കൃത്യമായി പിരിക്കുന്നില്ല. അഞ്ച് രൂപവച്ച് പിരിച്ചാൽ പോലും ഇതിനേക്കാൾ കൂടുതൽ തുക വരേണ്ടതാണ്. ഈ മാസവരി വർദ്ധിപ്പിക്കണമെന്ന് പറയു മ്പോൾ ഈ രംഗത്തെ ട്രേഡ് യൂണിയനുകൾ എതിർക്കുന്നു. ബാക്കി എല്ലാ

ക്ഷേമനിധി ബോർഡുകളിലും 20 രൂപയാണ് മാസവരിയായി കൊടുക്കുന്നത്. ഇവിടെ അത് അഞ്ച് രൂപയാണ്. അതുപോലെ ഭൂവുടമയുടെ വിഹിതം വർദ്ധിപ്പിക്കുകയും കാര്യക്ഷമമായി അത് പിരിച്ചെടുക്കാനുള്ള സംവിധാനം ഉണ്ടാകുകയും ചെയ്തെങ്കിൽ മാത്രമേ ഇത് ഫലപ്രദമായി പോകുകയുള്ളൂ. ആനുകൂല്യങ്ങൾ കുടിശ്ശികയില്ലാതെ കൊടുക്കണമെന്ന് എനിക്ക് ആഗ്രഹമുണ്ടെങ്കിലും ഗവൺമെന്റിന്റെ കയ്യിൽ കാശുണ്ടെങ്കിൽ മാത്രമേ അത് കൊടുക്കുവാൻ സാധിക്കൂ. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ആനുകൂല്യ വിതരണത്തിന് കാലതാമസം ഉണ്ടെന്ന് പറയുന്നത് വസ്തുതയാണ്. അത് പരിഹരിക്കുന്നതിനായി ചെയ്യാൻ സാധിക്കുന്നതെല്ലാം ചെയ്യും. അതോടൊപ്പംതന്നെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന ട്രേഡ് യൂണിയൻ നേതാക്കന്മാരുമായി കൺസെൻസസ് ഉണ്ടാക്കി ഈ ബോർഡിന് ആവശ്യമായ വരുമാനം ലഭിക്കുകയും, ക്ഷേമനിധി ബോർഡിലെ വ്യാജ അംഗത്വം പൂർണ്ണമായും ഒഴിവാക്കുകയും ചെയ്യുന്ന സ്ഥിതി വിശേഷം ഉണ്ടാകണം. ബഹുമാനപ്പെട്ട മെമ്പർ ബാങ്ക് അക്കൗണ്ടിന്റെ കാര്യം സൂചിപ്പിച്ചതുകൊണ്ട് മറുപടി പറയുകയാണ്. ഞാൻ ആദ്യമേ പറഞ്ഞു നാഷണലൈസ്ഡ് ബാങ്ക് വേണമെന്നൊന്നും ഗവൺമെന്റിന് നിർബന്ധമില്ല. ഇതിലെ ഇടനിലക്കാരെ ഒഴിവാക്കണം. മെമ്പർഷിപ്പ് ചേർക്കാൻ കുറേ ആളുകൾ വ്യഗ്രത കാണിക്കുന്നത് ചേർക്കാൻ വരുന്നവർക്ക് ഇതിൽ നിന്ന് വരുമാനം ലഭിക്കുന്നതുകൊണ്ടാണ്. ഇത്തരം ഇടനിലക്കാരെ ഒഴിവാക്കാനും വ്യാജമെമ്പർഷിപ്പ് ഒഴിവാക്കാനും യഥാർത്ഥ കർഷകത്തൊഴിലാളികൾക്ക് ഈ ആനുകൂല്യം ലഭ്യമാക്കുന്നതിന്.........., ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ, പോസ്റ്റ് ഓഫീസ് അക്കൗണ്ട് വഴി ആയാലും മതി – പെൻഷനും

ആനുകൂല്യവും ഇടനിലക്കാരെ ഒഴിവാക്കി അവരുടെ അക്കൗണ്ടിലേക്ക് കൃത്യമായി ചെല്ലുന്ന സംവിധാനം ഉണ്ടാകണം. ശ്രീനിവാസൻ കമ്മിറ്റി ശുപാർശയുടെ അടിസ്ഥാനത്തിൽ ക്ഷേമ നിധി ബോർഡുകളുടെ പരിഷ്കരണവും നവീകരണവും ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ നടപടിയുമായി മുന്നോട്ട് പോകുന്നു. അത് പൂർത്തികരിക്കുന്ന മുറയ്ക്ക് വ്യാജഅംഗത്വം കുറയും. അതിനുശേഷം ഒരു കൺസെൻസസ് ഉണ്ടാക്കി, വരുമാനം വർദ്ധിപ്പിക്കുന്നതനുസരിച്ച് ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയും കുടിശ്ശിക കുറച്ചുകൊണ്ടുവരുകയും ചെയ്യാം.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): ഈ ആവശ്യങ്ങളെല്ലാം ഉന്നയിച്ചുകൊണ്ട് ഈ വരുന്ന 20, 21 തീയതികളിൽ കർഷകത്തൊഴിലാളികൾ കാർഷികമേഖല മൊത്തം സ്തംഭിപ്പിക്കാൻ പോകുകയാണ്. എനിക്ക് ചോദിക്കാനുളളത്, ക്ഷേമനിധി വർദ്ധിപ്പിക്കുവാൻ വേണ്ടി ഗവൺമെന്റ് തയ്യാറാകുമോ; ക്ഷേമനിധി വർദ്ധിപ്പിച്ചുകൊണ്ട് കുടിശ്ശിക കൊടുത്തുതിർക്കുവാൻ ആവശ്യമായ പണം മുഖ്യമന്ത്രിയും ധനകാര്യമന്ത്രിയുമായി ബന്ധപ്പെട്ട് അടിയന്തരമായി നൽകുമോ എന്നാണ്. അതുപോലെ പെൻഷൻ തുകയുടെ വരുമാന പരിധി എടുത്ത് കളയുകയും പെൻഷൻ ആയിരം രൂപയായി വർദ്ധിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും വേണം. ഇപ്പോഴുള്ള കുടിശ്ശിക വിതരണം ചെയ്യാൻ തയ്യാറാകുമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, ഞാൻ ഇക്കാര്യങ്ങൾക്ക് മറുപടി പറഞ്ഞതാണ്. ബോർഡ് നൽകുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുവാൻ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിവച്ച് യാതൊരുവിധ നിർവ്വാഹവുമില്ല. ഇപ്പോൾ ഇക്കാര്യത്തിൽ ഒരു കൺസെൻസസാണ് വേണ്ടത്. സമരത്തോട്

ഞാൻ എതിരല്ല, സമരം കൊണ്ട് മാത്രം ഇതിന് പരിഹാരമുണ്ടാകില്ല. കുടിശ്ശികയുടെ കാര്യത്തിൽ ഗവൺമെന്റിന് എന്ത് ചെയ്യാൻ സാധിക്കുമെന്നുള്ളത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായും ധനകാര്യവകുപ്പ് മന്ത്രിയുമായും ചർച്ച ചെയ്ത് പരിഹാരം കാണാൻ ശ്രമിക്കാം.